രിൽനിന്നും ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കോപ്പിയടിച്ചതായി എന്തെങ്കിലും തെളിവുണ്ടോ; എങ്കിൽ എന്താണ് തെളിവെന്ന് വെളിപ്പെടുത്തുമോ;

(സി) ഊമക്കത്തിൽ പറയുന്ന കാര്യങ്ങൾ തെളിവായി സ്വീകരിക്കുവാൻ സാധിക്കുമോ?

ഉത്തരം

(എ) ഊമക്കത്തിന്റെ അടിസ്ഥാനത്തിലല്ല ഫലം തടഞ്ഞുവച്ചത്. പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിലാണ് പരീക്ഷാഫലം തടഞ്ഞുവച്ചത്.

(ബി) ഇല്ല. പരീക്ഷാഫലം തടഞ്ഞുവച്ചത് പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിലാണ്.

(സി) ഇല്ല.

172 (3188) പെരുമാതുറ ഗവൺമെന്റ് സ്കൂളിൽ 6-ാം ക്ലാസ്സ്

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 115 വർഷം പഴക്കമുള്ള പെരുമാതുറ ഗവൺമെന്റ് സ്കൂളിൽ അഞ്ചാം ക്ലാസ്സ് അനുവദിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞെങ്കിലും ആറാം ക്ലാസ്സ് അനുവദിച്ചിട്ടില്ലെന്ന കാര്യം ഗവൺമെന്റിനറിയുമോ;

(ബി) പ്രസ്തുത സ്കൂളിൽ 6-ാം ക്ലാസ്സ് കൂടി അനുവദിക്കാൻ നടപടിയുണ്ടാകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ നയപരമായ തീരുമാനം ഇപ്പോൾ ഇല്ലാത്തതിനാൽ ഇക്കാര്യം പരിഗണിയ്ക്കുവാൻ നിർവ്വാഹമില്ല.

173 (3191) കോഴിക്കോട് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ്

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിൽ എത്ര അദ്ധ്യാപക തസ്തികകളിൽ ഒഴിവുണ്ട്;

(ബി) ഇവിടെ അദ്ധ്യാപകരെ നിയമിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 5 കോച്ചുമാരുടെ ഒഴിവുണ്ട്.

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിന് പി.എസ്. സി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഈ തസ്തികകളിൽ എപ്ലോയ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly